എറണാകുളം ജില്ല : ആലുവ താലൂക്കിൽ പാറയ്ക്കൽ ദേവസി ഭാര്യ മറിയം, പി.വി. പോൾ ബ്രഹ്മകുളം, ലാലി പോൾ ബ്രഹ്മകുളം

പാലക്കാട് ജില്ല : കെ.ജെ. പ്ലാന്റേഷൻ, നെല്ലിയാമ്പതി

മലപ്പുറം ജില്ല : ജാമിയ നൂറിയ അറബിക് കോളേജ്, പട്ടിക്കാട്

കോഴിക്കോട് ജില്ല : കൊച്ചിൻ മലബാർ എസ്റ്റേറ്റ്

കണ്ണൂർ ജില്ല : കാത്തിലിക് ഡയോസിസ് തിരുവല്ലയുടെ പ്ലാന്റേഷൻ

കാസർഗോഡ് ജില്ല : ആർച്ച് ഡയോസിസ് ചങ്ങനാശ്ശേരിയുടെ ഒരു കേസ് ഹൈക്കോടതിയിൽ നിലവിലുണ്ട്.

തൃശ്ശൂർ, വയനാട് എന്നീ ജില്ലകളിലെ വിവരം ശേഖരിച്ചു വരുന്നു.

നോൺ ടാക്സസ് റവന്യൂ

24(979)ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 1999-2000 ത്തിലെ ബഡ്ജറ്റിൽ നോൺ ടാക്സ് റവന്യൂ ഇനത്തിൽ എന്തു തുക പിരിഞ്ഞു കിട്ടുമെന്നാണ് പ്രതീക്ഷിച്ചത്;

(ബി) ഇതിൽ പ്രസ്തുത വർഷം എന്തു തുക പിരിഞ്ഞു കിട്ടിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1999-2000 ത്തിൽ നോൺ ടാക്സ് ഇനത്തിൽ 659.95 കോടി രൂപയാണ് പ്രതീക്ഷിച്ചിരുന്നത്.

(ബി) 1999-2000 ത്തിലെ കണക്കുകൾ അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭിച്ചിട്ടില്ല.

കെ.എസ്.എഫ്.ഇ. ലെ ജീവനക്കാരും മാനേജ്മെന്റും തമ്മിലുള്ള ബന്ധം

25 (980)ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിൽ മാനേജ്മെന്റും ജീവനക്കാരുടെയും സംഘടനകളും തമ്മിൽ നല്ല ബന്ധത്തിലല്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാനേജ്മെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ചു കൊണ്ട് അധികാരദുർവിനിയോഗത്തെക്കുറിച്ച് പ്രതിപാദിക്കുന്ന നോട്ടീസുകളും പത്രപ്രസ്താവനകളും സംഘടനകൾ പ്രസിദ്ധീരിക്കുന്നത് അറിയാമോ;

(സി) ഏതൊക്കെ സംഘടനകളാണ് അച്ചടിച്ച നോട്ടീസുകളും പത്രപ്രസ്താവനകളും പ്രസിദ്ധീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സംഘടനകൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ)-(ഡി) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിൽ മാനേജ്മെന്റും ജീവനക്കാരുടെ സംഘടനകളും തമ്മിൽ ചില കാര്യങ്ങളിൽ അഭിപ്രാ

LIBRARY ARCHIVES Kerala Legislative Assembly

യവ്യത്യാസം നിലവിലുണ്ട്. ഇതിന്റെ തുടർച്ചയെന്നോണം മാനേജ്മെന്റിന്റെ ചില നടപടികളിൽ പ്രതിഷേധിച്ചുകൊണ്ട് കെ.എസ്.എഫ്.ഇ. സ്റ്റാഫ് അസോസിയേഷൻ, ഫിനാൻഷ്യൽ എന്റർപ്രൈസസ് എംപ്ലോയീസ് അസോസിയേഷൻ, കെ.എസ്.എഫ്.ഇ. ഓഫീസേഴ്സ് യൂണിയൻ, കെ.എസ്.എഫ്.ഇ.. ഓഫീസേഴ്സ് അസോസിയേഷൻ തുടങ്ങിയ സംഘടനകൾ അച്ചടിച്ച നോട്ടീസും പത്ര പ്രസ്താവനകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംഘടനകളുടെ തെറ്റിദ്ധാരണ മാറ്റുന്നതിനും കാര്യങ്ങളുടെ നിജസ്ഥിതി ബോദ്ധ്യപ്പെടുത്തുന്നതിനും വേണ്ടിയുള്ള വിശദീകരണങ്ങൾ നല്കുകയല്ലാതെ ഇക്കാര്യത്തിൽ സംഘടനകളുടെ പേരിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

കെ.എസ്.എഫ്.ഇ. ശാഖകൾ

26(981) <u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന് എത്ര ശാഖകൾ ഉണ്ടെന്ന കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇടുക്കി ജില്ലയിലെ വാഴത്തോപ്പ്, പൈനാവ്, അടിമാലി, ദേവികുളം, രാജാക്കാട്, ഉടുമ്പൻചോല, കുട്ടാർ, ഇരട്ടയാർ എന്നീ സ്ഥലങ്ങളിൽ പുതിയ ശാഖകൾ തുറക്കാൻ നടപടിസ്വീകരിക്കുമോ;

(സി) കെ.എസ്.എഫ്.ഇ. പുതിയ ശാഖകൾ തുറക്കുന്നതിൽ സ്വീകരിച്ചുവരുന്ന മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു.†

(ബി) അടിമാലിയിൽ കമ്പനിയുടെ ശാഖ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജനപ്രതിനിധികളിൽ നിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ പൊതുജനങ്ങളിൽ നിന്നോ നിവേദനങ്ങൾ ലഭിക്കുകയാണെങ്കിൽ മറ്റ് സ്ഥലങ്ങളിൽ ശാഖകൾ ആരംഭിക്കുന്നതിന്റെ സാദ്ധ്യതകൾ വിലയിരുത്തി ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

(സി) ജനപ്രതിനിധികൾ, പൊതുജനങ്ങൾ എന്നിവരിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന നിവേദനങ്ങൾ പരിശോധിച്ച് ഇക്കാര്യത്തിൽ ആവശ്യമായ പഠനങ്ങൾ നടത്തി, കമ്പനിയുടെ ബിസിനസ്സിന് അനുയോജ്യമാണെന്ന് കാണുകയാണെങ്കിൽ കമ്പനിയുടെ ഡയറക്ടർ ബോർഡിന്റെയും സർക്കാരിന്റെയും അനുമതിക്കു വിധേയമായി അനുയോജ്യമായ കെട്ടിടത്തിന്റെ ലഭ്യതയനുസരിച്ച് പുതിയ ശാഖകൾ തുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ് ചെയ്യുന്നത്.

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly